**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1087 12.06.2014 -ലെ മറുപടിയ്ക്ക്

# കാലിക്കറ്റ് സർവ്വകലാശാലാ കോളേജുകളുടെ പ്രവൃത്തി സമയം

*ചോദ്യം*
ശ്രീ. സി.കൃഷ്ണൻ

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാലിക്കറ്റ് സർവ്വകലാശാല പരിധിക്കുള്ളിലെ കോളേജുകളുടെ പ്രവർത്തന സമയം 8.30 മുതൽ 1.30 വരെയായി തീരുമാനിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ; സമയമാറ്റത്തിൽ അദ്ധ്യാപക-വിദ്യാർത്ഥി സംഘടനകളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ? | (എ) | കാലിക്കറ്റ് സർവ്വകലാശാല സിൻഡിക്കേറ്റിന്റെ 12.05.2014 - ലെ തീരുമാനമനുസരിച്ച് സർവ്വകലാശാലയ്ക്ക് കീഴിലെ അഫിലിയേറ്റഡ് കോളേജുകളുടെ പ്രവർത്തന സമയം 8 A.M. മുതൽ 2 P.M വരെ അല്ലെങ്കിൽ 8.30 A.M. മുതൽ 2.30 P.M. വരെ ആക്കുന്നതു സംബന്ധിച്ച് ബന്ധപ്പെട്ട എല്ലാവരുമായും ചർച്ച നടത്താൻ തീരുമാനിച്ചു. സമയമാറ്റം സ്വീകരിക്കാൻ താല്പര്യമുള്ള കോളേജുകൾക്ക് പൈലറ്റ് സ്റ്റഡി എന്ന നിലയ്ക്ക് അടുത്ത ഒരു വർഷത്തേക്ക് മാറിയ സമയക്രമമനുസരിച്ച് പ്രവർത്തിക്കാൻ അനുമതി നൽകാനും തീരുമാനിച്ചു. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. |
| (ബി) | ഉച്ചയ്ക്ക് 1.30 ന് ശേഷമുള്ള സമയത്ത് സ്വാശ്രയകോഴ്സുകൾ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ? | (ബി) | തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ